**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 873** **02-02-2026 - ൽ മറുപടിയ്ക്ക്**

**അരുവിക്കര മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അരുവിക്കര മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി മുഖേന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ ഏതെല്ലാം ഉന്നതികളുടെയും നഗറുകളുടെയും നവീകരണത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അരുവിക്കര മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം 2024-25 വർഷത്തിൽ നാവെട്ടിക്കോണം പട്ടികജാതി ഗ്രാമത്തെയും 2025-26 വർഷത്തിൽ കീഴ്പാലൂർ പട്ടികജാതി ഗ്രാമത്തെയും തെരഞ്ഞെടുത്തിട്ടുണ്ട്. നാവെട്ടിക്കോണം ഗ്രാമത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കീഴ്പാലൂർ നഗറിന്റെ ഏജൻസി നിർണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തുക അനുവദിച്ചു നൽകിയിട്ടില്ല.<br><br>പ്രസ്തുത മണ്ഡലത്തിൽ നിന്നും അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിലേക്ക് പള്ളിപ്പുരക്കരിക്കകം , ആലുംമൂട് (2017-18) എന്നീ പട്ടികവർഗ നഗറുകളെ തെരെഞ്ഞെടുക്കുയും യഥാക്രമം 32,32,086 /-രൂപ (മുപ്പത്തി രണ്ടു ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി എൺപത്തിയാറു രൂപ) 25,31,716/- (ഇരുപത്തിയഞ്ച് ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി എഴുന്നൂറ്റി പതിനാറു രൂപ) വീതം അനുവദിച്ചു പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പൊടിയം, മൊട്ടമൂട് പട്ടികവർഗ്ഗ ഉന്നതികളുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കരാർ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പാങ്കാവ് (2024-25) പട്ടികവർഗ്ഗ ഗ്രാമത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിർവഹണ ഏജൻസിക്ക് നിർദേശം നൽകിയിട്ടുണ്ട്. കണിയാരംകോട് ഉന്നതിയിൽ 14/1/2026 നു ഊരുകൂട്ടം കൂടി. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത നവീകരണ പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ? | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ